**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസം - അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതുന്നതും സർക്കാർ /എയ്ഡഡ്/ അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ(സാധാ) നം: 2278/12/പൊവിവ** **തീയതി, തിരുവനന്തപുരം, 18/5/2012**

പരാമർശം: 1) സ.ഉ (സാ.ധാ) നമ്പർ. 1697/2011/പൊ.വി.വ. തീയതി, 6/5/2011.

**ഉത്തരവ്**

അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2011-2012 അദ്ധ്യയന വർഷം അംഗീകാരമുള്ള സ്കൂളുകളിൽ ചേർന്ന് തുടരാൻ പരാമർശിത ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളിൽ നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നും ഈ വിദ്യാർത്ഥികളെ അംഗീകാരമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് നിരവധി രക്ഷകർത്താക്കൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഈ പ്രശ്നം സർക്കാർ വിശദമായി അവലോകനം ചെയ്തു. ആർ.ടി.ഇ.എ. (വിദ്യാഭ്യാസ അവകാശ നിയമം) നിലവിൽ വന്നെങ്കിലും അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടികൾ പൂർത്തിയായിട്ടില്ല. ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് കെ.ഇ.ആർ. അദ്ധ്യായം 1 ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഇളവ് വരുത്തി ഇവർക്ക് തുടർപഠനം നടത്തുന്നതിന് അവസരം ഒരുക്കേണ്ടതുണ്ട് എന്ന് സർക്കാർ കരുതുന്നു. മേൽ പറഞ്ഞ സാഹചര്യത്തിൽ കെ.ഇ.ആർ അദ്ധ്യായം 6 ചട്ടം 8 ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്കൂളുകളിൽ 2012-13 അദ്ധ്യയന വർഷം ചേർന്നു പഠിക്കാൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ചു വരുന്ന കുട്ടികൾക്ക് സർക്കാർ അംഗീകരിച്ച സ്കൂളുകളിലെ 10 വരെയുള്ള ക്ലാസുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ വയസ് പോലുള്ള നിബന്ധനകൾക്ക് വിധേമായി തൊട്ടുതാഴെ ക്ലാസിൽ നിന്ന് ഉയർന്ന ക്ലാസിലേയ്ക്ക് പ്രമോഷന് അർഹരാകുവാൻ വേണ്ടി താഴെ ക്ലാസിൽ യോഗ്യതാ എഴുത്തു പരീക്ഷ നടത്താൻ അതത് സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു. ഇങ്ങനെ ചേർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിൽ തൊട്ട് താഴെയുള്ള ക്ലാസ് ഇല്ലെങ്കിൽ അത്തരം ക്ലാസുകളുള്ള മറ്റ് അംഗീകൃത സ്കൂളിൽ പരീക്ഷ നടത്താവുന്നതാണ്.അങ്ങനെ പരീക്ഷ നടത്തിയ സ്കൂളിൽ നിന്ന് പ്രമോഷന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഉയർന്ന ക്ലാസുകളിൽ ഈ വിദ്യാർത്ഥികൾക്ക് ടി.സി. ഇല്ലാതെ പ്രവേശനം കൊടുക്കാവുന്നതാണ്.

2. അംഗീകാരമില്ലാത്ത സ്കൂളുകളിൽ നാലാംക്ലാസിലും താഴെയും പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഉയർന്ന ക്ലാസുകളിൽ സർക്കാർ അംഗീകൃത വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കണമെങ്കിൽ, മുൻ ഖണ്ഡിക പ്രകാരമുള്ള യോഗ്യതാ പരീക്ഷാ നടത്താൻ അതത് ഗവൺമെൻറ്/എയ്ഡഡ്/അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു.

3. ഈ വിദ്യാർത്ഥികളുടെ പ്രമോഷനുവേണ്ടി തുടർ മൂല്യനിർണയത്തിൻെറ (സി.ഇ) സ്കോർ പരിഗണിക്കേണ്ടതില്ല. വിവിധ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെ മാത്രം സ്കോർ പരിഗണിച്ചാൽ മതി.

4. 2012-13 അദ്ധ്യയന വർഷം സർക്കാർ അംഗീകൃത സ്കൂളുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ **28/05/2012-ന് മുമ്പായി** അപേക്ഷ ബന്ധപ്പെട്ട ഗവൺമെൻറ്/എയ്ഡഡ്/അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതും ഹെഡ്മാസ്റ്റർമാർ സഹാദ്ധ്യാപകരുടെ സഹായത്തോടെ വിവിധ വിഷയങ്ങളുടെ യോഗ്യതാപരീക്ഷ നടത്തേണ്ടതും പരീക്ഷാഫലം 31/5/2012-നു മുമ്പായി പ്രസിദ്ധീകരിക്കേണ്ടതുമാണ്. അർഹരായവർക്ക് തൊട്ടുയർന്ന ക്ലാസിൽ ടി.സി. ഇല്ലാതെ പ്രവേശനം അനുവദിക്കുന്നതിനുള്ള അവസാന തീയതി 4/6/2012 ആയും നിശ്ചയിച്ചിരിക്കുന്നു.

5. സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികൾ സാധാരണയായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും ടി.സി. ഒഴികെയുള്ള കാര്യങ്ങളിൽ ഹെഡ്മാസ്റ്റർമാർ ഉറപ്പാക്കേണ്ടതാണ്.

ഈ വർഷത്തെ സവിശേഷ സാഹചര്യം നിമിത്തമാണ് ഇങ്ങനെ പ്രത്യേക അനുമതി നല്കുന്നത്. ഭാവിയിൽ ഇതനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. അബ്ദുൾ ലത്തീഫ്**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാകമ്മിഷണർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർമാർക്കും } (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും }
ഡയറക്ടർ വിവരപൊതുജന സമ്പർക്കവകുപ്പ്
(വ്യാപകമായ പ്രചാരണം നൽകുന്നതിന്)

ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

k